بسم الله الرحمان الرحيم

# SPEECH ON THE STRIKING BEAUTY OF ISLAM AND VICTORY OF ALLAH AND HIS PROPHETS/ELECTS (AS)

***   ***   ***

**ON THE OCCASION OF THE HISTORIC JALSA SALANA OF THE JAMAAT UL SAHIH AL ISLAM, KERALA - INDIA**

*(Saturday 22 December 2012 - 08 Safar 1434 AH)*

***2012 ഡിസംബർ 22 ശനിയാഴ്ച ജമാഅത്തുസ്സഹീഹിൽ ഇസ്ലാം (കേരള) യുടെ വാർഷിക സമ്മേളനത്തിന് നൽകിയ ഹിജ്റ 15-ാം നൂറ്റാിലെ ഖലീഫത്തുല്ലാ മുനീർ അഹ്മദ് അസീം (അ) ന്റെ പ്രൗഢമായ പ്രഭാഷണം***

HAZRAT KHALIFATULLAH HAZRAT MUNIR A. AZIM (ATBA)

بسم الله الرحمان الرحيم

## *SPEECH ON THE STRIKING BEAUTY OF ISLAM AND VICTORY OF ALLAH AND HIS PROPHETS/ELECTS (AS)*

*** *** ***

## ON THE OCCASION OF THE HISTORIC JALSA SALANA OF THE JAMAAT UL SAHIH AL ISLAM, KERALA - INDIA

*(Saturday 22 December 2012 - 08 Safar 1434 AH)*

***2012 ഡിസംബർ 22 ശനിയാഴ്ച ജമാഅത്തുസ്സഹീഹിൽ ഇസ്ലാം (കേരള) യുടെ വാർഷിക സമ്മേളനത്തിന് നൽകിയ ഹിങ്റ 15-ാം നൂറ്റാിലെ ഖലീഫത്തുല്ലാ മുനീർ അഹ്മദ് അസീം (അ) ന്റെ പ്രൗഢമായ പ്രഭാഷണം***

HAZRAT KHALIFATULLAH HAZRAT MUNIR A. AZIM **(ATBA)**

എല്ലാവർക്കും സമാധാനാഭിവാദ്യങ്ങളർപ്പിച്ചശേഷം ഹസ്രത്ത് ഖലീഫത്തുല്ലാഹ് തശഹുദും, തവ്വസും, സൂറഫാത്തിഹയും ഓതി ഇപ്രകാരം പറഞ്ഞു തുടങ്ങി. അല്ലയോ, എന്റെ പ്രിയപ്പെട്ട സഹോദരിമാരേ, സഹോദരന്മാരേ, ഇന്ത്യയിൽ കേരളാ ജമാഅത്തിന്റെ ചരിത്രമുഹൂർത്തമായി മാറിയ വാർഷിക സമ്മേളനവേളയായ ഇന്ന് അങ്ങേയറ്റം നിറഞ്ഞ സന്തോഷത്തോടെയാണ്, ഞാൻ നിങ്ങളെ അഭിസംബോധന ചെയ്യുന്നത്. അല്ലാഹു നിങ്ങൾക്കേവർക്കും അവന്റെ മഹോന്നതമായ അനുഗ്രഹങ്ങൾ ചൊരിയുകയും, കടന്നുപോകുന്ന ഓരോ ദിനവും നിങ്ങൾ, നിങ്ങളെത്തന്നെ പടിപടിയായ പരിഷ്ക്കരിക്കുകയും, അങ്ങനെ ഇസ്ലാമിന്റെ അന്ത : സത്ത നിങ്ങളിലോരോരുത്തരിലൂടെയും പ്രതിഫലിക്കുകയും ചെയ്യുമാറാകട്ടെ, ഇൻ ശാഅല്ലാഹ് ആമീൻ മനുഷ്യന്റെ വ്യക്തിത്വത്തെ തിരിച്ചറിയുന്ന അടിസ്ഥാന ഘടകമാണ് ഇസ്ലാം. സർവ്വശക്തനായ അല്ലാഹുവിനോടുള്ള സമർപ്പണ മനോഭാവമില്ലാ എങ്കിൽ അവനൊന്നുമേയല്ല. വെറും നിർജ്ജീവം ഒരു യഥാർത്ഥ ഇസ്ലാമിക വിശ്വാസിയുമായി മറ്റിതര അമുസ്ലീംകളെ അവരുടെ അമുസ്ലിം മൂല്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ നമുക്കിത് നിത്യേന അനുഭവപ്പെടുന്ന ഒരു വസ്തുതയാണ്. അവർക്ക് യഥാർത്ഥ ഇസ്ലാമിക വിശ്വാസികളുടെ മുഖമുദ്രയായി കാണപ്പെടുന്ന തിളക്കവും പ്രകാശവും കാണാറില്ല.

ഇസ്ലാമിന്റെ സത്ത മാനവകുലത്തിന്റെ ഉത്ഭവം മുതൽ തന്നെ ഉായിരുന്നു. ഇതു നാം മനസ്സിലാക്കുന്നത് അല്ലാഹു അവൻ തന്റെ ദാസരെ തന്റെ മുന്നിൽ സാഷ്ടാംഗം പ്രണമിക്കുവാൻ നിർദ്ദേശിച്ചതിൽ നിന്നു തന്നെയാണ് അതുപോലെ തന്നെ മാനവരാശി ലോകമെമ്പാടും വ്യാപിച്ച വേളയിൽ, അവനെ മാത്രമാണ് ആരാധിക്കേത് എന്നോർമ്മപ്പെടുത്തുവാനും, അവർക്ക് മാർഗ്ഗദർശനം നൽകുവാനുമായി അവൻ, അവരുടെ ഇടയിലേക്ക് മഹാത്മാക്കളെ നിയോഗിച്ചു.

ഷെയ്ത്താൻ കട്ടായമായി ആണയിട്ടുള്ളതു പോലെയും, അവനും അവന്റെ സംഘത്തിനും അല്ലാഹു നൽകിയ അനുമതിയുടെ പിൻബലത്തിൽ, ഈ ലോകത്തിലെ എല്ലാ പൈശാചിക ശക്തികളും, അല്ലാഹു

വിന്റെ ദാസരെ വഴിപിഴപ്പിക്കുവാനും, അങ്ങനെ അവന്റെ ദിവ്യ പ്രകാശം ലഭ്യമാകുന്നതിൽ നിന്നും അവരെ തടയുവാനുമായി സദാ പരിശ്രമിച്ചുകൊിരിക്കുകയാണ്.

ഒരുനല്ല നാളെയെയും, ഒരു ഉത്തമ തലമുറയെയും വാർത്തെടുക്കുവാനായി അവന്റെ ദിവ്യപ്രഭാവവും, സത്യവും പുനഃ സ്ഥാപിക്കുവാൻ സമയമായി എന്ന് അല്ലാഹു തീരുമാനിക്കുന്നതുവരെ ഒരു ചെറിയ കാലയളവു അവർക്ക് സാത്താനും കൂട്ടർക്കും മേൽക്കൈ ഉള്ളതായി നമുക്ക് തോന്നാം. പക്ഷേ ഈ പ്രഭാവമൊക്ക, നേരത്തേ സൂചിപ്പിച്ചതുപോലെ ഈ ദു: ശക്തികളുടെ മേൽക്കോയ്മ ഏതുവരെയാകാം എന്ന് അല്ലാഹു നിശ്ചയിച്ചിക്കുന്നതുവരെ മാത്രമേയുള്ളൂ. അതുകൊ് അവൻ കാലാകാലങ്ങളിൽ പ്രവാചകന്മാരേയും, പരിഷ്കർത്താക്കളേയും, ആ ജനതകൾക്കിടയിലേക്ക് അയക്കുന്നു. ഇതവർക്ക് സത്യത്തിന്റെ പാത തുറന്നു കൊടുക്കുവാനും, അങ്ങനെ അവന്റെ മഹത്തായ അനുഗ്രഹത്താൽ ദിവ്യവെളിപാടുകളിലൂടെയും, പ്രാർത്ഥനാസ്വീകാര്യതകളിലൂടെയും മറ്റിതര അടയാളങ്ങളിലൂടെയും, തങ്ങളിലേക്ക് ചൊരിഞ്ഞിരിക്കുന്ന ദിവ്യപ്രകാശം അറിഞ്ഞ് ആസ്വദിക്കുവാനും വേിയാണ്.

അല്ലാഹുവിന്റെ പദ്ധതികൾ വാസ്തവത്തിൽ മഹത്തരമാണ്. അതിന്റെ സത്തപൂർണ്ണമായി ഗ്രഹിക്കുവാനും തന്റെ ദാസരിൽ നിന്നും അല്ലാഹു എന്താണ് ആഗ്രഹിക്കുന്നത്. എന്ന് തിരിച്ചറിയുവാനും ഒരു പക്ഷേ അവർക്ക് കഴിഞ്ഞെന്നു വരില്ല. അങ്ങനെ വരുമ്പോൾ ദൈവവീകേച്ഛയും, അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും, ഗ്രഹിക്കുവാൻ അവന് കഴിയാതെ പോകുന്നു. അല്ലാഹു തന്റെ ദൂതന്മാരെ എപ്പോഴൊക്കെ എഴുന്നേല്പിക്കുന്നുവോ, അത് ഒരു നിയതമായ ലക്ഷ്യത്തോടെ തന്നെയാണ് അല്ലാഹുവിന്റെ ആധിപത്യം ലോകത്ത് പുനഃ സ്ഥാപിക്കുക എന്നതു തന്നെ അത് മുൻകാലങ്ങളിൽ ലോകത്ത് ഓരോ ജനതയ്ക്കും പ്രത്യേകം പരിഷ്ക്കർത്താക്കളെ നിയോഗിച്ചിരുന്നു. അവരെ സംസ്ക്കരിക്കുവാനായി പ്രവാചകൻമാർ വന്നിരുന്നു. അതുകൊ് തന്നെ ഒരേസമയം ഒന്നിലധികം പ്രവാചകന്മാർ ലോകത്തിലെ നാനാജാതി വിഭാഗീയരെ പരിഷ്കരിക്കുവാനായി അവതരിച്ചിരുന്നു. പ്രവാചകന്മാരുടെ മകുടമായും, ആഗോള ജനതക്കായും ഹസ്രത്ത് മുഹമ്മദ് നബി (സ) യുടെ ആഗമനത്തോടെ ഈ രീതി മാറി. നബിയെ തുടർന്നു വന്ന മറ്റു പ്രവാചകരെല്ലാം ആഗോളജനതക്കായി വന്നവരും, നബി (സ) യുടെ ആഗമനോദ്ദേശ്യത്തെ സാർത്ഥമാക്കുവാൻ പ്രയത്നിക്കുന്നവരുമായിരുന്നു. മുൻകടന്നുപോയ പ്രവാചകരൊക്കെത്തന്നെ അല്ലാഹുവിന്റെ ദിവ്യപ്രമാണങ്ങളും നിയമങ്ങളും പേറിവന്നവരായിരുന്നു എന്നാൽ മുഹമ്മദ് നബീ (സ) യുടെ അനുധാവകരായ പ്രവാചകരും, ദൂതന്മാരുമൊക്കെത്തന്നെ അന്ത്യ പ്രമാണമായ വി.ഖുർആൻ പുനരുദ്ധരിക്കുവാനായി വന്നവർമാത്രമാണ്.

## അല്ലാഹുവിൽ നിന്നുള്ള സംരക്ഷണം

നിശ്ചയമായും, എല്ലാ പ്രവാചകന്മാർക്കും അവരുടെ ജനനം മുതൽ എല്ലാ ജീവിതഘട്ടങ്ങളിലും വളർന്നു പക്വതയാർജ്ജിച്ച് നുബൂവത്ത് ലഭിക്കുന്നതിലും അങ്ങനെ മരണം വരെ അല്ലാഹുവിന്റെ സംരക്ഷണം ലഭിച്ചിരുന്നു. അങ്ങനെയുള്ള ഓരോ ആത്മീയശക്തിയുടെ അവതരണ ഘട്ടങ്ങളിലും, ദൈവീക ശക്തിയെ കീഴ്മേൽ മറിക്കുവാൻ ശ്രമിച്ചു കൊിരിക്കുന്ന പൈശാചികശക്തികളുടെ ഉയർത്തെഴുന്നേൽപ്പ് സ്വഭാവികമായി ഉാവുമായിരുന്നു. എന്നാൽ സാത്താന്റെ എല്ലാ തരത്തിലുമുള്ള കിണഞ്ഞ പരിശ്രമങ്ങൾക്കും ഒരിയ്ക്കലും അല്ലാഹു ഉദ്ദേശിച്ചതിനെ കീഴ്മേൽ മറിക്കുവാൻ സാധിച്ചിട്ടില്ല. പ്രത്യേകിച്ച് അവൻ സ്വേച്ഛയാൽ നിശ്ചയിച്ച അവന്റെ പ്രിയങ്കരനായ ദൂതന്റെ ആഗമനവുമായി ബന്ധപ്പെട്ട കാര്യത്തിൽ

മനുഷ്യൻ, തീർച്ചയായും അല്ലാഹുവിന്റെ ഒരു സത്തയാകുന്നു. പക്ഷേ നിർഭാഗ്യമെന്നു പറയട്ടെ, അവൻ സ്വയം അല്ലാഹുവിനേക്കാൾ പ്രാധാന്യമുള്ളവനെന്നു വിചാരിച്ചു പോന്നു. അത്തരം ആൾക്കാർ

സാത്താന്റെ കൂട്ടുകാരാകുവാൻ അനുയായികളാകുവാൻ വിധിയ്ക്കപ്പെട്ടിരിക്കുന്നു. ഹസ്രത്ത് മൂസാ (അ) യുടെ വളർത്തു പിതാവ്/സംരക്ഷകൻ ആയിരുന്നു ഫറവോ (ഫിർഔൻ) രാജാവ്. ഈജിപ്തിലെ രാജാവായിരുന്ന അദ്ദേഹത്തിന്റെ വീട്ടിലേക്ക്, അഭയാർത്ഥിയായുള്ള ഹസ്രത്ത് മൂസാ (അ) യുടെ വരവിന്റെ ഉദ്ദേശ്യം തന്നെ ഒരു ദൈവിക വിധിയായിരുന്നു. ഫിർഔൻ രാജാവിനെ അദ്ദേഹത്തിന്റെ കുടുംബവൃത്തത്തിനുള്ളിൽനിന്നു കൊു തന്നെ തകർക്കുക എന്നതായിരുന്നു ആ ദൈവീകവിധി. തന്റെ നാട്ടിൽ പിറന്നുവീഴുന്ന ആൺകുഞ്ഞുങ്ങൾ ഉൾപ്പടെയുള്ള എല്ലാ പുരുഷപ്രജകളെയും കൊന്നൊടുക്കുവാൻ തന്റെ ഭടന്മാർക്ക് അദ്ദേഹം ആജ്ഞ നൽകിയപ്പോൾ, അദ്ദേഹത്തെ വകവരുത്തുവാനായി അല്ലാഹു നിശ്ചയിച്ച ഹസ്രത്ത് മൂസാ (അ) യുടെ പരിപാലനം അദ്ദേഹത്തെത്തന്നെ ഏൽപിക്കുവാനാണ് അല്ലാഹു തീരുമാനിച്ചത്. ഇത്തരുണത്തിൽ ഒരു ചോദ്യമുയരുന്നു. ഹസ്രത്ത് മൂസാ (അ) (അല്ലാഹു പൊറുത്തുതരട്ടെ) പാലൂട്ടപ്പെട്ട പാമ്പിൻ കുഞ്ഞായിരുന്നോ ? ഈ പ്രയോഗം ചതിയന്മാരുടെ ഒരു സ്വഭാവ വിശേഷത്തെ എടുത്തു കാണിക്കുവാനാണ് സാധാരണ പ്രയോഗിച്ചു പോരുന്നത് എന്നാൽ, അല്ലാഹുവിന്റെ ദൃഷ്ടിയിൽ ഹസ്രത്ത് മൂസാ (അ) ഒരു വഞ്ചകനായിരുന്നോ ? ഉത്തരം അല്ല എന്നതുതന്നെ. ഇസ്രയേൽ സന്തതികൾക്കൊരു സംരക്ഷകനായാണ് അദ്ദേഹം ആഗതനായത്. ഭൂലോകത്ത് അല്ലാഹുവിനേക്കാൾ ശക്തൻ ആണ് താനെന്ന് സ്വയം അഹങ്കാരിച്ച് അടക്കി വാണിരുന്ന, അഹങ്കാരിയും തന്റേടിയുമായിരുന്ന ഫറവോയെ വകവരുത്തുവാനായി അല്ലാഹു തെരെഞ്ഞടുത്ത അവന്റെ ആയുധം ആയിരുന്നു ഹസ്രത്ത് മൂസാ (അ)

മനുഷ്യൻ ദൈവീക പ്രേരണകൾക്കെന്നപോലെ തന്നെ, പൈശാചിക പ്രേരണകൾക്കുംവ വശംവദനായി പോകുന്നു. ഓരോ വ്യക്തിയുടേയും നിലനിൽപ്പിന്റെ പ്രഭാവം അവൻ തനിക്കു മുന്നിൽ നൽകപ്പെട്ടിരിക്കുന്ന രനുഗ്രഹങ്ങളിൽ സ്വേച്ഛയാൽ ഏത് തെരഞ്ഞെടുക്കുന്നു എന്നതിനെ ആധാരമാക്കിയിരിക്കുന്നു. അവന് സ്വമനസ്സാലെ തീരുമാനിക്കാം നാശത്തിന്റെ കുഴി സ്വയം കുഴിക്കണമോ, അതോ, സ്വർഗ്ഗം സൃഷ്ടിക്കണമോ, എന്ന്.

ഹ.മൂസാ (അ) ഒരു ദൈവീക വിളിയുള്ള മനുഷ്യനായിരുന്നു. തന്റെ ജീവിത ദൗത്യം തിരിച്ചറിഞ്ഞ നിമിഷം മുതൽ ഇസ്രായേൽ സന്തതികളുടെ ഉന്നമനത്തിനായി അദ്ദേഹം അങ്ങേയറ്റം ശ്രദ്ധിച്ചിരുന്നു. ഇസ്രായേൽ ജനത ആകാലഘട്ടത്തിൽ അടിമത്തത്തിന്റെ ഊരാക്കുടുക്കിലകപ്പെട്ടിരിക്കുകയായിരുന്നു, നീതി പുനഃ സ്ഥാപിക്കുവാനായാണ് അദ്ദേഹം ആഗതനായത്. ഇസ്രയേൽ വംശത്തിൽപ്പെട്ട ഒരാൾ തന്റെ കുലത്തിന്റെ ഒരു ശത്രുവിനെ - ഫറവോയെയും അദ്ദേഹത്തിന്റെ ആൾക്കാരേയും കീഴടക്കാനായി അദ്ദേഹത്തോട് സഹായം ചോദിച്ചെത്തിയപ്പോൾ, അടിച്ചമർത്തപ്പെട്ടവരുടെ സംരക്ഷണയ്ക്കായി അദ്ദേഹം മുന്നോട്ടുവരികയും, യാതൊരു ദുരുദ്ദേശ്യവും കൂടാതെ ആ ശത്രുവിനെ കൊല്ലുകയും ചെയ്തു. തന്റെ വളർത്തു പുത്രൻ തന്റെ തന്നെ ഒരു പടയാളിയെ കൊന്നു എന്നു കേട്ട ഫിർഔൻ, അവനെത്തന്നെ അങ്ങു കൊന്നു കളഞ്ഞേക്കുവാനാണ് ഉത്തരവിട്ടത്.

ഫിർഔൻ ഈ കുഞ്ഞിനെ എടുത്തു വളർത്തുന്നതിനോട് ഒരിയ്ക്കലും താത്പര്യം കാണിച്ചിരുന്നില്ല. പക്ഷേ തന്റെ റാണിയായ ഹസ്രത്ത് ആസിയ (റ) യുടെ പ്രേരണയൊന്നുകൊുമാത്രമാണ് ആ കർത്തവ്യം ഏറ്റെടുക്കുവാൻ അദ്ദേഹം നിർബന്ധിതനായത്. തന്റെ ഭാര്യയ്ക്ക് പെട്ടിയിൽ ഒഴുക്കിവിടപ്പെട്ട കുഞ്ഞിനോട് തോന്നിയ അദമ്യമായ മാതൃവാത്സല്യം ഒന്നു കൊുമാത്രമാണ് ഹ. മൂസാ (അ) യെ വളർത്തു പുത്രനായി അദ്ദേഹം സ്വീകരിച്ചത്. നിശ്ചയമായും ഇത് അല്ലാഹുവിന്റെ ദൈവീക വിധിയല്ലാതെ മറ്റൊന്നുമായിരുന്നില്ല. മൂസാ (അ) യെ ഫറവോയുടെ കൊട്ടാരത്തിൽ പ്രവേശിപ്പിക്കാനും, അവിടെ നിന്നുകൊ് ആ ഫറവോയെ വകവരുത്തുവാനും വേിയുള്ളതായിരുന്നു ആ വിധി.

അങ്ങനെ അല്ലാഹുവിന്റെ പ്രവാചകന്റെ വളർത്തുമാതാവ്, അദ്ദേഹത്തിന്റെ സ്വന്തം മാതാവിനെ പോലെ തന്നെ അദ്ദേഹത്തിന്റെ ഏറ്റവും അടുത്ത കൂട്ടുകാരിയായി മാറി. രു വനിതകളും അല്ലാഹുവിന്റെ തക്ദീറിനു മുന്നിൽ സ്വയം സമർപ്പിക്കുകയായിരുന്നു. മൂസാനബി (അ) അല്ലാഹുവിന്റെ പ്രവാചകൻ എന്ന നിലയിൽ ഫിർഔൻ രാജാവിനും കുടുംബത്തിനും, താക്കീതു നൽകിയ അവസരത്തിൽ, അദ്ദേഹത്തിന്റെ വളർത്തു മാതാവ് അല്ലാഹുവിലും അവന്റെ ദൂതരിലും വിശ്വസിക്കുകയും ക്രൂരനായ സ്വന്തം ഭർത്താവിൽ നിന്നും രക്ഷനേടുവാനായി ദൈവീക സഹായം തേടുകയും ചെയ്തു.

അല്ലാഹുവിന്റെ പ്രവാചകന്മാരെപ്പറ്റിയുള്ള ചരിത്രം സൂചിപ്പിക്കുന്നത്, അവർ ഏതു കാലയളവിൽ വന്നവരായിരുന്നു എങ്കിലും, അവരെല്ലാവരും തന്നെ ഒരു യഥാർത്ഥ ഇസ്ലാമിന്റെ നിർമ്മിതിയ്ക്കായി അല്ലാഹുവിനാൽ തെരഞ്ഞെടുക്കപ്പെട്ട മനുഷ്യരായിരുന്നു എന്നതത്രേ. തന്റെ ബുദ്ധിമാൻമാരായ ഭക്തദാസരുടെ ഹൃദയങ്ങളിൽ അല്ലാഹുവിനോടുള്ള യഥാർത്ഥ വിധേയ മനോഭാവം സഹജവാസനയായി അല്ലാഹു നൽകിയിരിക്കുന്നു.. അല്ലാഹുവിന്റെ യഥാർത്ഥ ദാസരുടെ, ഇസ്ലാമിനെ, സാത്താന്റെയും അവന്റെ കൂട്ടാളികളുടേയും ധാർഷ്ട്യവുമായി ഒരിയ്ക്കലും താരതമ്യപ്പെടുത്താനാവില്ല. ഇസ്ലാം മോക്ഷത്തിലേക്കും, ധാർഷ്ട്യം നരകപീഢയിലേക്കുമത്രേ വഴി കാട്ടുക. ധാർഷ്ട്യം ജനങ്ങളെ അല്ലാഹുവിന്റെ സന്ദേശത്തെ തൃണവത്ഗണിക്കുവാനും അങ്ങനെ സത്യത്തിനെതിരെ കണ്ണടയ്ക്കുവാനും, ദുഷ്ചിന്തകൾക്കും, പ്രവൃത്തികൾക്കും ഇരയായി മാറുവാനും പ്രേരിക്കുന്നു.

## മനുഷ്യർക്ക് സത്യവും മിഥ്യയും വേർതിരിച്ചറിയുവാനുള്ള ശേഷിയുണ്ടാകുന്നതിനു മുമ്പു തന്നെ ദൈവീകവിധി ഉണ്ടാകുന്നു

രണ്ടാമതായി, നമ്മുടെ മുന്നിൽ യൂസുഫ്നബി (അ) ന്റെ ചരിത്രമാണ് ഉള്ളത്. (അല്ലാഹു പൊറുത്തു തരട്ടെ), തന്റെ സേവകരെ കൊണ്ട്, തന്റെ സ്വന്തം സഹോദരന്റെ സഞ്ചിയിൽ അളവുപാത്രം നിക്ഷേപിച്ച യൂസുഫ് (അ) അല്ലാഹുവിന്റെ മുന്നിൽ കള്ളനാണോ? തന്റെ സഹോദരൻ നിരപരാധിയും, നിഷ്കളങ്കനും ആണെന്ന് തീർത്തും ഉറപ്പുണ്ടായിരിക്കേ അദ്ദേഹം ഒരു കുറ്റം ചെയ്യുകയായിരുന്നോ? ഈ പദ്ധതി ഒരു മനുഷ്യന്റെ പദ്ധതിയായിരുന്നോ അതോ (വിശുദ്ധ ഖുർആൻ പ്രകാരം) ദൈവീകമായ ഒരു പദ്ധതിയായിരുന്നോ? അല്ലാഹുവിന്റെ പ്രവാചകനായിരുന്നിട്ടും അദ്ദേഹം സത്യം മറച്ചു വെക്കുകയായിരുന്നോ? എന്തുകൊണ്ട്?

ഇതു കാണുമ്പോൾ ചില അജ്ഞരായ ആൾക്കാർ; അല്ലാഹു കള്ളം പറയുന്നതിനെ പ്രോത്സാഹിപ്പിക്കുകയാണോ എന്നു ചോദിച്ചേക്കാം. അവരുടെ കണ്ണുകളിൽ അല്ലാഹുവിന്റെ ദൂതൻ ഒരു പാപം ചെയ്തിരിക്കുകയാണ്. പക്ഷെ, വാസ്തവത്തിൽ അല്ലാഹുവിന്റെ കണ്ണുകളിൽ ഇതൊരു യഥാർത്ഥ പാപം ആണോ? തീർച്ചയായും ബുദ്ധിമാൻമാർ മാത്രമാണ് അല്ലാഹുവിന്റെ വിവിധങ്ങളായ മാർഗ്ഗങ്ങൾ മനസ്സിലാക്കുന്നത്.

ജനങ്ങൾ ഉണ്ടായ കാലം മുതലേ പ്രവാചകരേയും, അല്ലാഹുവിന്റെ ദൂതന്മാരേയും കള്ളന്മാരെന്നും, കറ്റുകെട്ടുകാരെന്നും ആഭാസരെന്നും തുടങ്ങി അസഭ്യങ്ങൾകൊണ്ട് ആക്ഷേപിച്ചിരുന്നു. ആ പരമ്പര തുടർന്നുവരികയാണ്. പക്ഷെ നാം തിരിച്ചറിയേണ്ട വസ്തുത, ആളുകൾ എങ്ങനെയൊക്കെ ആക്ഷേപിച്ചുകൊണ്ടിരുന്നാലും ശരി അല്ലാഹു അവൻ തെരഞ്ഞെടുത്ത് ദൂതന്മാരായി അയയ്ക്കുന്നവരുടെ കൂടെ സദാ ഉണ്ടായിരിക്കും എന്നതു തന്നെ.

അവൻ തന്റെ എല്ലാ പ്രവാചകന്മാരെയും സരംക്ഷിച്ചിട്ടുണ്ട്. അതിൽ ഒരല്പംപോലും സംശയംവേണ്ട വിധിനാൾ വരെ അവൻ അവന്റെ പ്രവാചകരെ സംരക്ഷിക്കുന്നതുമായിരിക്കും.

വി. ഖുർആൻ ഹസ്രത്ത് മൂസാ (അ) നേയും, യൂസുഫ് (അ) നേയും വ്യക്തമായ നിലയിൽ തന്നെ കുറ്റവിമുക്തരായി പ്രഖ്യാപിച്ചിരിക്കുന്നു. യാതൊരു ദുരുദ്ദേശ്യവുമില്ലാതെ (കൊല്ലണമെന്ന ലക്ഷ്യം ഇല്ലാതെ) ഒരു പാപം ചെയ്തെങ്കിൽ തന്നെയും, അദ്ദേഹത്തെ തന്റെ പ്രവാചകനായി തിരഞ്ഞെടുക്കുന്നതിനും, ആ പദവി നല്കുന്നതിനും അല്ലാഹു ഒരു ഉപേക്ഷയും വിചാരിച്ചില്ല. കാരണം, അദ്ദേഹത്തിന്റെ ജനനത്തോടൊപ്പം ഈ ഭൂമിയിലെ അദ്ദേഹത്തിന്റെ വിധി എഴുതപ്പെട്ടിരുന്നു. ഹസ്രത്ത് മൂസാ (അ)യെ അഭിസംബോധന ചെയ്ത് അല്ലാഹു പറ

യുന്ന വി. ഖുർആനിലെ 20-ാം അധ്യായത്തിലെ 39, 40 വചനങ്ങൾ ഇതിനു സാക്ഷ്യം നില്ക്കുന്നു.

ദിവ്യവെളിപ്പാടു മുഖേന ബോധനം ചെയ്യപ്പെടാൻ ആവശ്യമായത് (എല്ലാം) നിന്റെ മാതാവിന് നാം ദിവ്യവെളിപാടിൽ അറിയിച്ചപ്പോൾ -

അതായത് നീ അവനെ പെട്ടിയിൽ വെക്കുക. എന്നിട്ട് അതിനെ നദിയിൽ ഇടുക. എന്നാൽ നദി അതിനെ (പെട്ടിയെ) കരയിലേക്ക് എത്തിച്ചുകൊടുക്കുന്നതാണ്. അപ്രകാരം ചെയ്താൽ എന്റേയും അവന്റെയും ശത്രു ആയിരിക്കുന്ന ഒരാൾ അതെടുത്തുകൊണ്ടുപോകും. എന്നിൽ നിന്നുമുള്ള സ്നേഹം ഞാൻ നിനക്ക് പ്രദാനം ചെയ്തു. (അതായത് ജനങ്ങളുടെ ഹൃദയങ്ങളിൽ നിന്നോടുള്ള സ്നേഹം അങ്കുരിപ്പിച്ചു) നമ്മുടെ കൺമുമ്പാകെ നമ്മുടെ (മേൽനോട്ടത്തിൽ) നീ പരിപാലിക്കപ്പെടുന്നതിന് വേണ്ടിയാണ് ഇങ്ങനെ ചെയ്തത്.
(20 : 39-40)

യൂസഫു (അ)നെ സംബന്ധിച്ച് അല്ലാഹു ഖുർആനിൽ വ്യക്തമായി പറയുന്നത് നോക്കൂ:

''യൂസഫു തേന്റെ പിതാവിനോട് പറഞ്ഞ അവസരം (സ്മരിക്കുക). എന്റെ പിതാവെ, പതിനൊന്ന് നക്ഷത്രങ്ങളേയും, സൂര്യനേയും, ചന്ദ്രനേയും ഞാൻ (ഒരു സ്വപ്നത്തിൽ) കണ്ടു; അവ എന്റെ മുന്നിൽ പ്രണമിക്കുന്നതായി കണ്ടു!''

''അദ്ദേഹം (പിതാവ്) പറഞ്ഞു; എന്റെ പ്രിയപ്പെട്ട മകനേ, നിന്റെ സ്വപ്നം നിന്റെ സഹോദരന്മാരെ അറിയിക്കരുത്. അറിയിച്ചാൽ അവർ നിനക്കെതിരിൽ വലിയ തന്ത്രം ആസൂത്രണം ചെയ്യും. തീർച്ചയായും പിശാച് മനുഷ്യന്റെ പ്രത്യക്ഷ ശത്രുവാകുന്നു.''

''ഇപ്രകാരം നിന്റെ നാഥൻ നിന്നെ വരിഷ്ഠനായി തിരഞ്ഞെടുക്കുകയും ദൈവീക കാര്യങ്ങളുടെ ആന്തരാർത്ഥം നിനക്ക് പഠിപ്പിച്ചുതരികയും അവൻ തന്റെ അനുഗ്രഹത്തെ നിന്റെ പൂർവ്വ പിതാക്കളായ ഇബ്റാഹീം, ഇസ്ഹാഖ് എന്നിവർക്ക് പൂർത്തിയാക്കിയതു പോലെ നിനക്കും, യഅ്ഖുബിന്റെ കുടുംബത്തിനും പൂർത്തിയാക്കിത്തരികയും ചെയ്യുന്നതാണ്.

നിന്റെ നാഥൻ പൂർണ്ണമായും അറിവുള്ളവനും, യുക്തിജ്ഞനുമാകുന്നു.'' (12: 5-7)

## എന്തു തന്നെ വന്നാലും അല്ലാഹു അവന്റെ പ്രവാചകന്മാരുടെ കൂടെത്തന്നെയുണ്ട്

പ്രവാചകന്മാർ ഭൂമിയിൽ അല്ലാഹുവിന്റെ പ്രതിനിധികളാണ്. അല്ലാഹു എങ്ങനെയാണോ അവരെ തിരഞ്ഞെടുക്കുന്നത് അതാണ് അവർ. പ്രവാചകന്മാർക്ക് അല്ലാഹുവിനെ അനുസരിക്കാതിരിക്കുവാൻ കഴിയുകയേ ഇല്ല. കാരണം ആ അനുസരണക്കേടിനു കിട്ടുന്ന ശിക്ഷ ഗുരുതരമായ ഒരു തെറ്റു ചെയ്താൽ കിട്ടുന്ന കഠിന ശിക്ഷയേക്കാൾ വലുതായിരിക്കും. അതുകൊണ്ടാണ് സുലൈമാൻ രാജാവ് (അ) ഒരു പാപരായത്. പിന്നീട് അല്ലാഹു അദ്ദേഹത്തിന് ആ പദവി തിരികെ നൽകുകയും ചെയ്തിരുന്നു. ഇതേ കാരണം കൊണ്ടുതന്നെയാണ് യൂനുസ് (അ) തിമിംഗലം വിഴുങ്ങിയിട്ടും രക്ഷപ്പെട്ടത്. അല്ലാഹു അദ്ദേഹത്തെ തന്റെ കർമ്മഭൂമിയിൽ സുരക്ഷിതമായി കൊണ്ടെത്തിക്കുകയായിരുന്നു. എല്ലാം നഷ്ടപ്പെട്ട ആയിരക്കണക്കിന് ആത്മാക്കൾക്ക് അദ്ദേഹത്തിന്റെ ദഅ്വയിലൂടെ (ദീനീ പ്രവർത്തനങ്ങളിലൂടെ) ഇസ്ലാം മതത്തെ ആശ്ലേഷിക്കുവാൻ കഴിഞ്ഞു. തൗഹീദ് സ്വീകരിച്ച് ഏക ദൈവത്തിനു മുന്നിൽ സർവ്വതും സമർപ്പിക്കുവാൻ കഴിഞ്ഞു.

അല്ലാഹു പ്രവാചകന്മാരെ ഒരു പാഠം പഠിപ്പിക്കുന്നു എന്നതുകൊണ്ട് അല്ലാഹു തെരഞ്ഞെടുത്തവരെ അല്ലാഹു തന്നെ പൂർണ്ണമായും ഉപേക്ഷിക്കുന്നു എന്ന് ഒരിക്കലും അർത്ഥമില്ല. മറ്റുള്ളവർക്ക് ഒരു മാതൃകയായി പ്രയോജനപ്പെടാനാണ് അല്ലാഹു പ്രവാചകന്മാർക്ക് ഓരോ അനുഭവപാഠങ്ങൾ നൽകുന്നത്. പ്രോത്സാഹനജനകമായ ഇത്തരം കഥകൾ വിശുദ്ധ ഖുർഈനിൽ ഉൾപ്പെടുത്തുമ്പോൾ അത് അവസാന നാൾവരെയും അതായത് വിധിനാൾ വരെയും നിലനിൽക്കണമെന്ന് അല്ലാഹു ആഗ്രഹിച്ചിരുന്നു. അതായത് വിധിനാൾവരെയും വിശുദ്ധ ഖുർആനിലെ വചനങ്ങൾ നിലനിൽക്കണമെന്ന് അല്ലാഹു ആഗ്രഹിച്ചതുപോലെ ഈ സംഭവകഥകളും നിലനിൽക്കണം എന്ന് അല്ലാഹു ആഗ്രഹിച്ചു. മുഹമ്മദൻ സമുദായത്തിൽ വരുന്ന എല്ലാ ഓരോ പ്രവാചകന്മാർക്കും ഓരോ മുസ്ലിമിനും അതിൽ നിന്നു പാഠം ഉൾക്കൊള്ളാറുണ്ട്. വിശുദ്ധ ഖുർആനിലെ വചനങ്ങൾ അല്ലാഹുവിന്റെ ഭൂതന്മാർക്ക് നന്മയുടേയും സംരക്ഷണത്തിന്റേയും വാഗ്ദാനങ്ങളാണ്. എന്തു തന്നെ സംഭവിച്ചാലും തങ്ങളുടെ

ശത്രുക്കളുടെ ഗൂഢാലോചനകളിൽ നിന്നും ദുഷ്പ്രവൃത്തികളിൽ നിന്നും അവർ സംരക്ഷിക്കപ്പെട്ടിരിക്കും.

അല്ലാഹുവിനാൽ തെരഞ്ഞെടുക്കപ്പെട്ട ഭൂതൻ വഴി അല്ലാഹു അല്ലാഹുവിന്റെ ആഗ്രഹങ്ങളാണ് നടപ്പിലാക്കുന്നത്. പലപ്പോഴും ഭൂതന്മാർ ജനങ്ങളുടെ ചീത്തവാക്കുകളെയും പ്രവൃത്തികളേയും ഭയപ്പെടാറുണ്ട്. എങ്കിൽത്തന്നെയും അവരുടെ അനുസരണം മൊത്തവും അല്ലാഹുവിനോട് മാത്രമാണ്. അതായത് സൃഷ്ടികർത്താവിനോടാണ്, സൃഷ്ടികളോടല്ല.

## അല്ലാഹുവിന്റെ പ്രവാചകന്മാരെ വധിക്കൽ അഥവാ പ്രവാചകന്മാരുടെ രക്തസാക്ഷിത്വം

''അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുകയും പ്രവാചകന്മാരെ അന്യായമായി വധിക്കു(വാൻ ഉദ്ദേശിക്കു)കയും (മാത്രമല്ല), മനുഷ്യരിൽ നിന്ന് നീതിപാലിക്കുവാൻ ഉപദേശിക്കുന്നവരെ വധിക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നവരാരോ അവർക്കു തീർച്ചയായും വേദനാജനകമായ ശിക്ഷയുണ്ടെന്ന് നീ മുന്നറിയപ്പു നൽക്കുക.'' (3 : 22)

പ്രവാചകന്മാർക്കും അതുപോലെ തന്നെ അല്ലാഹുവിന്റെ ഭക്തരായ പ്രിയപ്പെട്ട ദാസന്മാർക്കും ലഭിക്കാവുന്ന ഏറ്റവും മഹത്തരമായ ഒരു പദവിയാണു രക്തസാക്ഷിത്വം എന്നത്. പക്ഷെ ഒരു പ്രവാചകൻ തന്നിൽ നിക്ഷിപ്തമായിരിക്കുന്ന കർമ്മം പൂർത്തിയാക്കുന്നതുവരെ അല്ലാഹു അവനെ സംരക്ഷിച്ചിരിക്കും. ഈസാ നബി (അ)നെ അല്ലാഹു കുരിശുമരണത്തിൽ നിന്നും രക്ഷപ്പെടുത്തിയത് ഇതിന് ഒരു ഉദാഹരണമാണ്. മരണം മുഖേന തന്നിലേക്ക് ഈസാ നബി(അ) നെ വിളിക്കുന്നതിനു മുൻപായി അദ്ദേഹത്തിൽ നിക്ഷിപ്തമായിരിക്കുന്ന കർമ്മം പൂർത്തിയാക്കാൻ അല്ലാഹു സമയം നൽകി. ഇതിനിടയിൽ ശത്രുക്കൾ അദ്ദേഹത്തെ വധിക്കുവാൻ ശ്രമിക്കുകയും അതിൽ വിജയിക്കുകയും ചെയ്താൽ അവർക്കുണ്ടാകാൻ പോകുന്ന അനന്തരഫലങ്ങൾ അങ്ങേയറ്റം ഗുരുതരവും പരിതാപകരവും ആയിരിക്കും. കാരണം അല്ലാഹു അവർക്ക് നിത്യനരകം വിധിക്കുവാൻ ആഗ്രഹിക്കുന്നു. അല്ലാഹുവിൽ നിന്നുള്ള പാപപ്പൊറുതിയും സ്വർഗ്ഗവും എത്തിപ്പിടിക്കുവാൻ കഴിയും എന്നൊരു പ്രതീക്ഷ പോലും ഇല്ലാത്ത അവസ്ഥയിലേക്ക് അവർ തള്ളപ്പെടും. ഇനി അല്ലാഹുവിന്റെ മാർഗ്ഗത്തിൽ രക്തസാക്ഷിത്വം വഹിക്കുവാനാണ് ഒരു പ്രവാചകൻ വിധിക്കപ്പെട്ടിരിക്കുന്നത് എങ്കിൽ തന്നെയും ആ പ്രവാചകന്റെ നിയോഗം തീരുംവരെയും അല്ലാഹു അദ്ദേഹത്തെ തീർച്ചയായും സംരക്ഷിച്ചിരിക്കും.

''ഇതേ പ്രകാരം നാം ഓരോ പ്രവാചകനും ഇൻസിൽ നിന്നും ജിന്നിൽ നിന്നുമുള്ള പിശാചുക്കളെ ശത്രുക്കൾ ആക്കിയിട്ടുണ്ട്. വഞ്ചിക്കുവാനായി അവർ പരസ്പരം മോഹനവാക്കുകൾ ബോധിപ്പിക്കുന്നു...''
(6 : 113)

''പിന്നീട്, അവരുടെ കരാർ ലംഘനം നിമിത്തവും അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ അവർ നിഷേധിച്ചതു നിമിത്തവും പ്രവാചകന്മാരെ അന്യായമായി വധിക്കുവാനുള്ള അവരുടെ ശ്രമം നിമിത്തവും 'ഞങ്ങളുടെ ഹൃദയങ്ങൾ മൂടിയിടപ്പെടുകയാണ്' എന്നവർ പറയുന്നതു നിമിത്തവും - എന്നാൽ (വാസ്തവത്തിൽ അവരുടെ ഹൃദയങ്ങൾ മൂടിയിടപ്പെട്ടവയല്ലാ), നേരേ മറിച്ച് അവരുടെ അവിശ്വാസം നിമിത്തം അല്ലാഹു അവയ്ക്ക് മുദ്രവെച്ചിരിക്കുകയാണ്. അതിനാൽ അല്പമല്ലാതെ അവർ വിശ്വസിക്കുന്നില്ല-'' (4 : 156)

അങ്ങനെ സംഭവിച്ചാൽ - അതായത് പ്രവാചകന്മാർക്കെതിരിൽ അക്രമം ഉണ്ടായാൽ അല്ലാഹു അതീവ ക്രോധം വെളിപ്പെടുത്തുക തന്നെ ചെയ്യും. അല്ലാഹു തെരഞ്ഞെടുത്ത സേവകന്മാർ, പ്രവാചകന്മാർ, ഭൂതന്മാർ - ഇവരെ വധിക്കുന്നവരെ അല്ലാഹു തുണ്ടം തുണ്ടമാക്കി നുറുക്കിചതച്ചു കളയും.

അല്ലാഹുവിനാൽ തെരഞ്ഞെടുക്കപ്പെട്ട പ്രവാചകന്റെ കർമ്മനിയോഗം സംരക്ഷിക്കുവാൻ വേണ്ടി ആ ദിവ്യകരങ്ങൾ എപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കും. അവസാനം അല്ലാഹുവും അല്ലാഹുവിന്റെ ഭൂതനും വിശ്വാസികളുടെ സൈന്യവും വിജയിക്കുക തന്നെ ചെയ്യും.

## പ്രവാചകന്മാർക്കും അനുയായികൾക്കും നേരിടേണ്ട പരീക്ഷണങ്ങൾ

അയൂബ് നബി (അ)ന്റെ വിജയത്തിൽ നാം അല്ലാഹുവിന്റെ വിജയമാണു കാണുന്നത്. അല്ലാഹുവിനോട് തീക്ഷണമായ സ്നേഹമുള്ളവനും ഏറെ ക്ഷമാശീലനുമായ ഒരു പ്രവാചകനായിരുന്നു അയൂബ് (അ). പർവ്വത

സമാനമായ പരീക്ഷണങ്ങൾ വന്ന് അദ്ദേഹത്തിന്റെ ജീവിതത്തെ പിടികൂടുകയും കീഴ്മേൽമറിക്കുകയും ചെയ്തു. അപ്പോഴെല്ലാം അദ്ദേഹം അതൊന്നും വകവയ്ക്കാതെ തന്റെ അനുസരണത്തെ അഥവാ 'ഇസ്ലാമിനെ' പ്രകടനമാക്കുകയാണു ചെയ്തത്. അല്ലാഹു തന്റെ പ്രവാചകനടൊപ്പമായിരുന്നില്ല എന്ന് ഇതുകൊണ്ടു നമുക്ക് പറയാൻ കഴിയുമോ? അതാണോ പരീക്ഷണങ്ങൾ വരുന്നതിന്റെ അർത്ഥം? അതോ തന്റെ പ്രിയപ്പെട്ട പ്രവാചകന്റെ സഹനശക്തി അറിയാനുള്ള ഒരു പരീക്ഷണം മാത്രമായിരുന്നോ അത്? കുറച്ചുകൂടി ചിന്തിച്ചു പറഞ്ഞാൽ അല്ലാഹുവിന്റെ പ്രവാചകന്റെ ജനതയ്ക്കുള്ള ഒരു പരീക്ഷണമായിരുന്നില്ലേ അത്? അയൂബ് നബി (അ) ഒരിയ്ക്കൽ രോഗബാധിതനായി. വെറുപ്പുളവാക്കുന്ന തരത്തിലുള്ള ഒരു രോഗം. എല്ലാവരും അദ്ദേഹത്തെ ഉപേക്ഷിച്ചു - അല്ലാഹു ഒഴികെ! അല്ലാഹു തന്റെ ഭർത്താവിനു വരുത്തിവെച്ച അവസ്ഥയെച്ചൊല്ലി അയൂബ് നബി (അ)ന്റെ ഭാര്യയായിട്ടു കൂടി അല്ലാഹുവിനെ അധിക്ഷേപിച്ചു! സ്വന്തം മക്കളും അനുയായികളും എല്ലാവരും അദ്ദേഹത്തെ ഉപേക്ഷിച്ചു. അല്ലാഹു അദ്ദേഹത്തെ സുഖപ്പെടുത്തി. രോഗശമനം നൽകി. അദ്ദേഹത്തിന്റെ ശക്തിയും യഥാർത്ഥവും മാന്യവുമായ പദവിയും അല്ലാഹു അദ്ദേഹത്തിനു തിരിച്ചു നൽകി. അപ്പോൾ മാത്രമാണ് ജനങ്ങളും അനുയായികളും എന്തിന് ഭാര്യാമക്കൾപോലും അദ്ദേഹത്തിന്റെ അടുക്കൽ തിരിച്ചെത്തിയത്. അല്ലാഹുവാണ് അദ്ദേഹത്തിന് അവരെ തിരിച്ചു നൽകിയത്. അല്ലാഹുവിലും അല്ലാഹുവിന്റെ ദൂതനിലും ജനങ്ങൾക്കുള്ള വിശ്വാസത്തെ പരീക്ഷിക്കുകയായിരുന്നു അല്ലാഹു. അയൂബ് നബി (അ) തന്റെ രോഗാവസ്ഥയെക്കുറിച്ച് ഒരിക്കലും ദുഃഖിച്ചില്ല. വളരെ മനോഹരമായ ക്ഷമ കൈക്കൊള്ളുകയാണു ചെയ്തത്. അല്ലാഹുവിനെക്കുറിച്ച് ഒരിയ്ക്കലും തെറ്റായി ചിന്തിച്ചില്ല. അതുകൊണ്ടുതന്നെ അല്ലാഹു അദ്ദേഹത്തിന്റെ ദൗത്യനിർവഹണത്തിനു പ്രതിഫലം നൽകുകയും വിജയത്തിനു മേൽ വിജയം നൽകുകയും ചെയ്തു.

## <u>അല്ലാഹുവിന്റെയും പ്രവാചകന്മാരുടെയും ഇസ്ലാമിന്റെയും വിജയം</u>

അവസാന നിയമ സംഹിതയായ വിശുദ്ധ ഖുർആനുമായി വന്ന പ്രവാചകൻ മുഹമ്മദു നബി(സ)യുടെ വിജയവും അങ്ങനെ ആയിരുന്നു. ഏറ്റവും മനോഹരമായ ക്ഷമയായിരുന്നു അദ്ദേഹത്തിന്റെ ജീവിതത്തിനുണ്ടായിരുന്ന മഹത്തരവും അതിശയകരവുമായ കാര്യം. വിജയം കൈവന്നപ്പോൾ അദ്ദേഹം ഏറ്റവും വിനീതവും അല്ലാഹുവിനോടു നന്ദിയുള്ളവനും ആയിരുന്നു. ഇസ്ലാമിന്റെ വെളിച്ചത്തിനു തിളക്കം കൂട്ടാനായി മനുഷ്യകുലത്തിന് അത്രയും മനോഹരമായ ഒരു മാതൃകയാണു വന്നത്.

വിധിയ്ക്കപ്പെട്ടിരുന്നതുപോലെ അദ്ദേഹത്തിനും ഒരുപാടു മുൾമുനകളിലൂടെയും ആക്ഷേപങ്ങളിലൂടെയും കടന്നു പോകേണ്ടിവന്നു. അദ്ദേഹത്തിന്റെ ജീവിതഗ്രന്ഥം പ്രത്യാരോപണങ്ങൾ കൊണ്ടു നിറഞ്ഞിരിക്കുന്നു. 'അല്ലാഹുവിന്റെ പ്രവാചകനാണു താൻ എന്ന ഒറ്റക്കാരണം കൊണ്ടു മാത്രമായിരുന്നു അത്. ഈ ലോകത്ത് നബി(സ)യുടെ പ്രതീകം കളങ്കപ്പെടുത്തുവാനായി ഇന്നും തർക്കങ്ങളും വാദപ്രതിവാദങ്ങളും നടക്കുന്നുണ്ട് എന്നത് വ്യസനിപ്പിക്കുന്ന യാഥാർത്ഥ്യമാണ്. നബി(സ) പ്രവാചകനായിട്ട് ഇപ്പോൾ 1434 ലേറെ വർഷങ്ങൾ കടന്നു പോയിരിക്കുന്നു. എന്നിട്ടും ശത്രുക്കളുടെ നാവിൽ നിന്നു നബി(സ) കേൾക്കേണ്ടി വന്ന ചീത്ത നാമങ്ങൾ ഇന്നും ഈ നിമിഷം വരെയും നിലനിൽക്കുകയാണ്. ഇതൊരു യാഥാർത്ഥ്യമാണ് എങ്കിൽ നബി(സ)യുടെ മഹോന്നത ഗുണങ്ങളും സത്യസന്ധതയും അതേപോലെ തന്നെ എല്ലാ സത്യവിശ്വാസികളായ അനുയായികളുടെ ഹൃദയങ്ങളിലും ജീവസുറ്റതായി നിലകൊള്ളും (ഉലുൽ അൽ ബാബ്, മുത്തഖീൻ). മറ്റു മതങ്ങളിലുള്ള എതിരാളികളേയോ വാക്സാമർത്ഥ്യമുള്ള മുസ്ലീംകളെയോ അല്ല ഉദ്ദേശിക്കുന്നത്.

എല്ലാ ഓരോ മുസ്ലിമിനും മാനവകുലത്തിനു തന്നെയും നബി(സ) ഉത്തമ മാതൃകയാണ്. ഇസ്ലാമിന്റെ ആദർശങ്ങളായിരുന്നു അദ്ദേഹത്തിന്റെ ആദർശങ്ങൾ. നബി(സ) എന്തെല്ലാം അല്ലാഹുവിന്റെ അനുവാദത്തോടുകൂടിയാണ് ചെയ്തിട്ടുള്ളത്. അല്ലാഹുവിന്റെ നിർദ്ദേശപ്രകാരമാണു പ്രവർത്തിച്ചത്. ശത്രുക്കളും കപട വിശ്വാസികളും എന്തു തന്നെ പറഞ്ഞാലും നബി(സ) അല്ലാഹുവിന്റെ നിർദ്ദേശങ്ങളിൽ ഉറച്ചു നിന്നു. നബി(സ)യുടെ അനുസരണം മൊത്തവും അല്ലാഹുവിനോടായിരുന്നു നബി(സ) പഠിപ്പിച്ചതാണു പരിപൂർണ്ണമായ ഇസ്ലാം മതം.

## ജമാഅത്തു സ്സഹീഹിൽഇസ്ലാം

അല്ലാഹുവിന്റെ കണ്ണുകളിൽ ഏവരും തുല്യരാണ്. ഓരോരുത്തരേയും വ്യത്യസ്തരാക്കുന്ന ഒരേയൊരു കാര്യം നിങ്ങളുടെ തഖ്വ (ദൈവഭയം) ആണ്. അതിനാൽ ജമാഅത്തു സ്സഹീഹിൽ ഇസ്ലാമിലെ ഓരോ വ്യക്തിയും നല്ല പ്രവൃത്തികളിൽ മുന്നിലെത്താനാണ് മത്സരിക്കേണ്ടത്. ഭൗതിക കാര്യങ്ങളിലും വ്യർത്ഥമായ അസൂയ പ്രകടനങ്ങളിലും അല്ല സമയം കളയേണ്ടത്. ഈ വിനീതന്റെ എല്ലാ ഓരോ അനുയായിയും തന്റെ ഉള്ളിലുള്ള ഇസ്ലാമിന്റെ തുടിപ്പ് അഥവാ യഥാർത്ഥ ശോഭ നിലനിർത്താനായി പരിശ്രമിക്കണം. ഇത് കുടുംബാന്തരീക്ഷത്തിലും ക്രമേണ സമൂഹത്തിലും പ്രതിഫലിച്ചു കാണണം. ഒരാൾ മറ്റൊരാൾക്ക് ഒരു വലിയ സഹായി ആയിരിക്കേണ്ടത് അത്യാവശ്യമാണ്. മറ്റൊരുവന്റെ പുരോഗതിയിലും സൗഭാഗ്യത്തിലും ഒരിക്കലും അസൂയപ്പെടരുത്. ഏകത്വവും ഒത്തൊരുമയും നിലനിർത്തണം.

## ചരിത്രത്തിലെ ആദ്യത്തെ ജലസാ സലാന അഥവാ വാർഷിക സമ്മേളനത്തോടനുബന്ധിച്ച് കേരള ജമാഅത്തിനുള്ള ഉപദേശം

**1434 AH Safar 8 - 9/2012 Dec. 22 - 23**

ഒരുമിച്ചിരുന്ന് അല്ലാഹിവിനെ സ്മരിക്കുന്നതിനും ജമാഅത്ത് സ്സഹീഹിൽ ഇസ്ലാമിൽ ഏകത്വവും ഒത്തൊരുമയും ഊട്ടിയുറപ്പിക്കുന്നതിനും വേണ്ടിയുള്ള ജലസയിൽ പങ്കെടുക്കാനായി വിദൂര സ്ഥലങ്ങളിൽ നിന്നും എത്തിച്ചേരാൻ നിങ്ങൾക്കു കഴിഞ്ഞു എന്നത് അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹമാണ്. അതുകൊണ്ട് എന്തു തന്നെ സംഭവിച്ചാലും നിങ്ങളുടെ മാർഗ്ഗത്തിൽ വരുന്ന എല്ലാതരം പരീക്ഷണങ്ങളേയും അതിജീവിച്ച് അല്ലാഹുവിൽ നിന്നുള്ള സത്യത്തിൽ ഉറച്ചു നിൽക്കുക. അല്ലാഹുവിനോടും ഖലീഫത്തുല്ലായോടും സത്യസന്ധത പുലർത്തുക. നിങ്ങൾ സ്വീകരിച്ച ഇസ്ലാം എന്ന പരിശുദ്ധ മതത്തിൽ ഉറച്ചു നിൽക്കുക. നിങ്ങൾ ഇസ്ലാമിന്റെ യഥാർത്ഥ പ്രതിബിംബങ്ങൾ ആകണം. യഥാർത്ഥ മുസ്ലിംകൾ ആകണം. ഈ വിനീതന്റെ അഥവാ ഈ യുഗത്തിലെ ഖലീഫത്തുല്ലയുടെ അനുയായികൾ ആണ് എന്നു ചുണ്ടുകൾ കൊണ്ടു പുലമ്പിയാൽ മാത്രം പോര. കഴിഞ്ഞകാല പ്രവാചകന്മാർക്കും ആദ്യകാല അനുയായികൾക്കും പരീക്ഷണങ്ങളുടെ തീജ്വാലകളിൽ കൂടി കടന്നു പോകേണ്ടി വന്നിട്ടുണ്ടെങ്കിൽ, എന്റെ പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ, നിങ്ങൾക്കും അത് അഭിമുഖീകരിക്കേണ്ടി വരും. പരിപൂർണ്ണമായും ആത്മാർത്ഥതയുള്ളവർ മാത്രമേ ഈ പരീക്ഷണ ജ്വാലയിൽ നിന്നും പരിക്കേല്ക്കാതെ രക്ഷപെടുകയുള്ളൂ. അതിന്റെ ഫലമായി അവരുടെ വിശ്വാസം ഇരട്ടിയാവുകയും ചെയ്യും. അല്ലാഹുവിൽ നിന്നുള്ള മധുരവും അന്തിമവുമായ പ്രതിഫലം കിട്ടുന്ന നിമിഷം വരേയും അതു വർദ്ധിച്ചുകൊണ്ടേയിരിക്കും.

അല്ലാഹു നിങ്ങളേവരേയും ഒരുമയോടെ നിലനിർത്തട്ടെ. തീരുമാനങ്ങൾ എടുക്കുന്നതിൽ ഉത്സാഹമുള്ളവരും സ്ഥിരചിത്തരുമായിരിക്കാൻ സഹായിക്കട്ടെ. അല്ലാഹുവിനുവേണ്ടിയും അല്ലാഹുവിന്റെ വിനീത ഭൂതനായ ഹസ്രത്ത് മുഹമ്മദു(സ)യ്ക്കുവേണ്ടിയും ജീവസ്സുറ്റ ഇസ്ലാം മതത്തിനുവേണ്ടിയും നിങ്ങളുടെ ജീവൻ പോലും കൊടുക്കാൻ തയ്യാറായി ഉറച്ചു നിൽക്കുക. ഇൻശാ അല്ലാഹ് ആമീൻ.

**Issued by,**

R. Jamaludin Raother
Amir

**Translated by,**

Fauzia Jamal
Haseena M Fazil

Jamaat-Ul-Sahih-Al-Islam, Kerala. Reg. No. A693 Ph: 9447001832, 0475 2220223
Email: jamal.raother@gmail.com, Web: www.jamaat-ul-sahih-al-islam.com